## പള്ളിക്കൂദാശക്കാലം രണ്ടാം ഞായർ, മത്താ. 12:1-13, 2016 നവംബർ 6



# വചനസന്ദേശം

*റവ. ഡോ. ജോർജ്ജ് നെല്ലിശ്ശേരി*

---

ഹാർവാർഡ് സർവകലാശാലയിലെ രണ്ടു പ്രൊഫസ്സർമാർ ബോസ്റ്റൺ കൺസൾട്ടിംഗ് ഗ്രൂപ്പിലെ ഓഫീസുകളിൽ നാലു വർഷം നീണ്ടുനിന്ന ഒരു പരീക്ഷണം നടത്തി. അവിടെയുള്ള കൺസൾട്ടന്റുമാർ ആഴ്ചയിൽ അമ്പതും അറുപതും മണിക്കൂർ ജോലി ചെയ്യുന്നവരായിരുന്നു. ഓഫീസ് സമയം കഴിഞ്ഞാലും അവർ ഫോൺ എടുക്കുകയും ഇ-മെയിൽ നോക്കുകയും ചെയ്യണമായിരുന്നു. പരീക്ഷകർ അവരോട് ആഴ്ചയിൽ ഒരു ദിവസം എത്ര ജോലിത്തിരക്കുണ്ടായാലും അവധിയെടുക്കാൻ ആവശ്യപ്പെട്ടു. ഒരാൾ അവധിയെടുക്കുമ്പോൾ മറ്റുള്ളവർ അയാളുടെ കുറവു നികത്തും. അടുത്തതായി ഓരോരുത്തരും ഒരു രാത്രി ഓഫീസുമായി ഒരു വിധത്തിലും ബന്ധപ്പെടരുത് എന്നു നിർദ്ദേശിച്ചു. ഇതെല്ലാം പ്രോജക്ടിനെയും കമ്പനിയെയും ബാധിക്കുമെന്ന് ആദ്യം അവർ ഭയപ്പെട്ടു. പക്ഷേ, ഇത് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയാണു ചെയ്തത്. അവർ തമ്മിൽ കൂടുതൽ ആശയവിനിമയം നടത്തുകയും പുതിയ ആശയങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.

അമിതജോലി കാര്യക്ഷമത കുറയ്ക്കുമെന്നും വ്യക്തികൾക്കും കമ്പനികൾക്കും അതു നഷ്ടങ്ങൾ വരുത്തിവയ്ക്കുമെന്നും ഇപ്പോൾ സാർവത്രികമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ദൈവമുണ്ടാക്കിയ രൂപരേഖ മാറ്റി വരയ്ക്കാൻ മനുഷ്യൻ ശ്രമിക്കുന്നതു വൃഥാവിലാണെന്നു ചുരുക്കം. മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയാണു സാബത്തിൽ വിശ്രമിക്കാൻ ദൈവം ആവശ്യപ്പെട്ടത്. ദൈവം ഏഴാം ദിവസം പ്രവൃത്തികളിൽനിന്നെല്ലാം വിട്ടുനിന്നു; മനുഷ്യനും അങ്ങനെ ചെയ്യണം. അവന്റെ മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിന് അതാവശ്യമാണ്.

സാബത്തു മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയാണെന്നതു സുവ്യക്തമാണ്. യഹൂദനേതാക്കൾ നിയമം വ്യാഖ്യാനിച്ച്, വ്യാഖ്യാനിച്ച് അതിന്റെ ശരിയായ ചൈതന്യം ചോർത്തിക്കളഞ്ഞു. സാബത്തിൽ ചെയ്യാവുന്നതും ചെയ്യരുതാത്തതുമായ കാര്യങ്ങളുടെ നീണ്ട ലിസ്റ്റ് അവർ തയ്യാറാക്കി. അതേപ്പറ്റി വിവാദങ്ങളുണ്ടാക്കി. എവിടെയെങ്കിലും സാബത്തുലംഘനമുണ്ടോ യെന്ന് അരിച്ചുപെറുക്കി അന്വേഷിച്ചു.

ആ പശ്ചാത്തലത്തിലാണ്, സാബത്തുദിവസം വയലിലൂടെ നടന്നുനീങ്ങി യേശുവിന്റെ ശിഷ്യന്മാർ കതിരുകൾ പറിച്ചു കയ്യിലിട്ടു തിരുമ്മി ഭക്ഷിക്കുന്നത്. ഫരിസേയർ കണ്ടത്. സാബത്തു ദിവസം കൊയ്യാനും മെതിക്കാനും പാടില്ലെന്നു നിയമമുണ്ട്. കതിരുകൾ പറിച്ചതും തിരുമ്മിയതും കൊയ്ത്തും മെതിയുമാണെന്ന് അവർ വ്യാഖ്യാനിച്ചു. ശിഷ്യന്മാർ സാബത്തു ലംഘിക്കുന്നത് എന്തുകൊണ്ടാണെന്നാണ് ചോദ്യം.

ശിഷ്യന്മാർക്കു വിശന്നിട്ടാണ് അതു ചെയ്തതെന്ന് എടുത്തുപറയുന്നുണ്ട്. വിശപ്പു മാറ്റുന്നതിന് ഇങ്ങനെയൊക്കെ ചെയ്യുന്നതിൽ ഒരു അപാകവുമില്ലെന്നു യേശു പറയുന്നു. ഉദാഹരണങ്ങളും യേശു നിരത്തുന്നുണ്ട്. ദാവീദും അനുചരന്മാരും വിശന്നപ്പോൾ ദേവാലയത്തിൽ കയറി കാഴ്ചയപ്പം എടുത്തു ഭക്ഷിച്ചു. പ്രത്യക്ഷത്തിൽ നിയമലംഘനമാകുന്നുവെങ്കിലും ആ സാഹചര്യത്തിൽ അതു ചെയ്യുന്നതിൽ തെറ്റില്ല. മനുഷ്യന്റെ ജീവൻ ഇത്തരം നിയമങ്ങൾക്കുപരിയാണ്. ദേവാലയത്തിൽ പുരോഹിതന്മാർ ചെയ്യുന്ന ജോലി സാബത്തു ലംഘനമായി വേണമെങ്കിൽ വ്യാഖ്യാനിക്കാം. അങ്ങനെ ചെയ്യുന്നില്ല, ചെയ്യുന്നതിൽ അർത്ഥവുമില്ല.

സാബത്താചരണത്തിന്റെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടു വേണം പ്രവർത്തിക്കാനെന്നു യേശു വ്യക്തമാക്കുന്നു. സാബത്തുദിവസം സർവത്തിന്റെയും ഉടയവനായ ദൈവത്തിലേക്കു മനസ്സുയർത്തണം. നമ്മുടെ ജോലിയുടെയെല്ലാം കുറവു നികത്തുന്നവനാണ് അവിടുന്ന്. നമുക്കുവേണ്ടി എല്ലാം മനോഹരമായി ചെയ്യുന്ന ദൈവത്തെ സ്തുതിക്കാനുള്ള ദിവസമാണത്. സാബത്തുദിവസവും ജോലി ചെയ്തു കൂടുതൽ സമ്പാദിക്കാമെന്നു ചിന്തിക്കുന്നതു മൗഢ്യമാണ്.

രണ്ടാമതായി, മറ്റു മനുഷ്യർക്കു നന്മ ചെയ്യുവാനും അവരോടു കരുണ കാണിക്കാനും ഏറ്റവും അനുയോജ്യമായ ദിവസമാണത്. ആ ദിവസമെങ്കിലും നമുക്കു നമ്മുടെ ഇടുങ്ങിയ ലോകത്തിൽ നിന്നു പുറത്തുകടക്കാനും മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലാനും കഴിയണം. പാവപ്പെട്ടവരിലും പീഡിതരിലും രോഗികളും യേശുവിനെ കാണാത്തവൻ ദേവാലയത്തിലും ദൈവത്തെ കണ്ടുമുട്ടുന്നില്ല.

നിയമത്തെ വ്യാഖ്യാനിച്ച് അതിന്റെ അന്തസ്സത്ത ചോർത്തിക്കളയരുതെന്നും കരുണയാണ് എല്ലാറ്റിലുമുപരിയെന്നും ഇന്നത്തെ സുവിശേഷം നമ്മെ ഓർമിപ്പിക്കുന്നു.